"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്ഥാപനങ്ങളിൽ വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാരുടെ പ്രവർത്തനങ്ങൾക്ക് സംഗീതോപകരണങ്ങൾ വാങ്ങാൻ അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിഎ)വകുപ്പ്

**സ.ഉ.(സാധാ) നം.1934/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/09/2019

---

പരാമർശം:-1 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.07.2019-ലെ PLG-1425/2019-20/DPC/DPO/തിരു നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019-ലെ 4.30(ii) നമ്പർ യോഗ തീരുമാനം.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി കലാകാരന്മാരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടത്തുന്ന കലാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് മൃദംഗം, വീണ, വയലിൻ തുടങ്ങിയ സംഗീതോപകരണങ്ങൾ വാങ്ങാൻ അനുമതി നൽകണമെന്ന് പരാമർശം (I) ലെ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

2)വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സർക്കാർ ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംഗീതോപകരണങ്ങൾ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു. മറ്റു ജില്ലകളിലെ പ്രവർത്തനം വിലയിരുത്തിയിട്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

3) വാങ്ങിക്കുന്ന ഉപകരണങ്ങൾ പരിശീലന ആവശ്യത്തിന് (പൊതുവായി) ഉപയോഗിക്കേണ്ടതാണ്. ഉപകരണങ്ങളുടെ ഉടമസ്ഥത അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

<u>പകർപ്പ്</u>

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം ,തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ